കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിൽ എസ്. ജി . എസ് . വൈ പദ്ധതി പ്രകാരം മൂന്ന് വില്ലേജ് ഹാട്ടുകളുടെ നിർമ്മാണം , ബാധ്യതകൾ തീർക്കുന്നതിനും ബാക്കി നീക്കി ഇരിപ്പ് തുക കുടുംബശ്രീക്ക് എൻ. ആർ. എൽ. എം. പദ്ധതിക്കായി നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)2414 /2016/തസ്വഭവ തിരുവനന്തപുരം, തീയതി, 10-08-2016

==========================================================================

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 09/09/2015, 10/02/2016, 12/05/2016 എന്നീ തീയതികളിലെ 6224/ഡി.പി1/ 09/സിആർഡി നമ്പർ കത്തുകൾ.

## ഉത്തരവ്

വയനാട് ജില്ലയിൽ എസ് . ജി . എസ് . വൈ . പദ്ധതി പ്രകാരം മൂന്ന് വില്ലേജ് ഹാട്ടുകളുടെ നിർമ്മാണത്തിനായി ഒന്നാം ഗഡുവായി 22.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സുൽത്താൻബത്തേരി, മാനന്തവാടി ബ്ലോക്കുകളിൽ രണ്ട് വില്ലേജ് ഹാട്ടുകൾ പൂർത്തീകരിച്ച ഫൈനൽ ബിൽ സമർപ്പിക്കുകയും മാനന്തവാടി ബ്ലോക്കിലെ വില്ലേജ് ഹാട്ട് പ്രവർത്തിക്കുള്ള തുക 15 ലക്ഷം രൂപ പൂർണ്ണമായും അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ സുൽത്താൻ ബത്തേരി ബ്ലോക്കിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച വില്ലേജ് ഹാട്ട് നിർമ്മാണ പ്രവർത്തിക്ക് 14,87,014/- രൂപയുടെ ഫൈനൽ ബിൽ ഇനത്തിൽ 9,00,000/-രൂപ മാത്രമെ കോൺട്രാക്ടർക്ക് നൽകാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ബാക്കി തുകയായ 5,87,014/- രൂപ രണ്ടാം ഗഡു ലഭിക്കുന്ന മുറയ്ക്ക് നൽകാമെന്ന് അറിയിച്ചിരുന്നുവെങ്കിലും തുക ലഭ്യമാകാത്ത സാഹചര്യത്തിൽ കോൺട്രാക്ടർ നിയമനടപടി സ്വീകരിക്കാൻ ഒരുങ്ങുകയാണെന്നും ഗ്രാമവികസന കമ്മീഷണർ 09/09/2015 തീയതിയിലെ പരാമർശം കത്ത് പ്രകാരം അറിയിച്ചിരുന്നു.

2) ടി പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ കേന്ദ്രസർക്കാരിൽ നിന്നും പ്രസ്തുത തുക ലഭ്യമാകാതിരിക്കുകയും എസ് . ജി . എസ് . വൈ പദ്ധതി എൻ. ആർ. എൽ എം. ആയി രൂപാന്തരപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ജില്ലകളിലെ ലഭ്യമായ എസ്.ജി.എസ്.വൈ അക്കൗണ്ടിൽ നിന്നും സ്പിൽ ഓവർ ബാധ്യതകൾ കൊടുത്തുതീർക്കാൻ പൊതു നിർദ്ദേശം ലഭ്യമാക്കണമെന്ന് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലായി എസ്.ജി.എസ്.വൈ അക്കൗണ്ടുകളിലായി ആകെ 4,08,18,142/-രൂപ നീക്കിയിരിപ്പുള്ളതായും

അതിൽ 70,22,297/- രൂപ ഇൻഫ്രാസ്ട്രക്ചർ ഷെയറിങ് സബ്സിഡി ഇനത്തിൽ (വയനാട് ഉൾപ്പെടെ) ബാധ്യതയായി നിലനിൽക്കുന്നതായും ഈ സാഹചര്യത്തിൽ എസ്.ജി.എസ്.വൈ അക്കൗണ്ടുകളിലായി ആകെ നീക്കിയിരിപ്പുള്ള 4,08,18,142 രൂപയിൽ 70,22,297/- രൂപ ബാധ്യതകൾ തീർക്കുന്നതിനും മിച്ചം തുക എൻ. ആർ. എൽ. എം. നടപ്പാക്കിവരുന്ന കുടുംബശ്രീയ്ക്ക് നൽകുന്നതിനുമുള്ള അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശത്തിലെ 10/02/2016 തീയതിയിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു .

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.ജി.എസ്.വൈ അക്കൗണ്ടുകളിലായി ആകെ നീക്കിയിരിപ്പുള്ള 4,08,18,142 (നാല് കോടി എട്ട് ലക്ഷത്തി പതിനെട്ടായിരത്തി ഒരുനൂറ്റി നാൽപത്തിരണ്ട്) രൂപയിൽ നിന്നും വിവിധ ജില്ലകളിലെ ബാധ്യതകൾ തീർക്കുന്നതിന് 70,22,297/- (എഴുപത് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി ഏഴ്) രൂപ ചെലവഴിക്കുന്നതിനും എസ്.ജി.എസ്.വൈ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക എൻ. ആർ. എൽ. എം. പദ്ധതിക്ക് ചെലവഴിക്കുന്നത് കേന്ദ്ര സർക്കാറിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഗ്രാമവികസനകമ്മീഷണർ ഉറപ്പ് വരുത്തിയതിന് ശേഷം മിച്ചമുള്ള തുക എൻ. ആർ. എൽ. എം പദ്ധതിക്കായി കുടുംബശ്രീയ്ക്ക് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.പി. വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ,തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യവകുപ്പ് ( 22.7.2016 തീയതിയിലെ Dev.2/120/2015-Fin പ്രകാരം)
7. ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്